(ബി) 6/1999 മുതൽ 2/2001 വരെയുള്ള കാലയളവിൽ ശ്രീ. വി. എ. അരുൺകുമാർ കയർഫെഡ് എം.ഡി. ആയിരിക്കെ ചേർത്തലയിൽ കയർഫെഡിനുവേണ്ടിയുള്ള ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുത്തിയെന്ന ആരോപണമാണ് അന്വേഷിക്കുന്നത്.

(സി) പ്രസ്തുത വിജിലൻസ് കേസിന്റെ പ്രഥമ വിവര റിപ്പോർട്ട് 18-12-2014 തീയതിയിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു.

(ഡി) കേസന്വേഷണം പുരോഗമിച്ചുവരുന്നു.

**ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം**

121 (1364) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ വിദേശയാത്രകളുടെ വിശദാംശങ്ങളും, സ്വത്ത് സംബന്ധിച്ച ആരോപണത്തെക്കുറിച്ചും വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(ബി) വി. എ. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി വി.എ.അരുൺകുമാറിന്റെ ബിസിനസ്സ് ബന്ധങ്ങൾ സംബന്ധിച്ച ആരോപണത്തെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(ഡി) വി.എ.അരുൺകുമാർ, ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ ഒത്താശചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിയിൻമേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 20-9-2011-ലെ 7967/ഇ 3/2011/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികളുടെ പൂർണ്ണ വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേസുകൾ അന്വേഷണത്തിലായതിനാൽ വിവരങ്ങൾ വെളിപ്പെടുത്താനാകില്ല.

(ഡി) വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly